ഗുരുവായൂരിന്റെ സമഗ്ര വികസനം

120. [887] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂരിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളെന്തൊക്കെയായിരുന്നു. ;

(ബി) ഇത് നടപ്പിലാക്കാൻ എന്തൊക്കെ തുടർ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) തീരുമാനങ്ങൾ നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗുരുവായൂരിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. † ഗുരുവായൂർ തീർത്ഥാടന നഗരത്തിന് ഒരു വികസന രൂപരേഖ തയ്യാറാക്കുന്നതിന് ആഗോള ടെണ്ടർ വിളിക്കുന്നതിന് തീരുമാനിച്ചു. സെക്രട്ടറി തലത്തിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മൂന്നു മാസത്തിനുള്ളിൽ വികസന രൂപരേഖ തയ്യാറാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) യോഗ തീരുമാനങ്ങൾ നടപ്പിലാക്കാൻ 14-6-2005-ലെ 3416/2005/ ആർ.ഡി. നം.സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഗുരുവായൂർ അഴുക്കുചാൽ പദ്ധതി, കുടിവെള്ള പദ്ധതി, നഗരസഭ ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് എന്നിവ സംബന്ധിച്ച് ധാരണയായിട്ടുമുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുള്ള അവാർഡ്

121. [888] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ഏത് വർഷം മുതലാണ് നൽകി വരുന്നത് ; ഓരോ വർഷവും അവാർഡ് തുക എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അവാർഡ് നൽകുന്നതിന് ഓരോ വർഷവും അവലംബിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

---

† അനുബന്ധം VII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷത്തേയും അവാർഡ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) ഒരിക്കൽ നൽകിയ തുക തിരിച്ചു പിടിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവാർഡ് തുകയാണ് തിരിച്ചു പിടിച്ചത് ;

(ഇ) ഇവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മടക്കി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 1995-96 മുതൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് അവാർഡ് നൽകി വരുന്നുണ്ട്. 2000-01 മുതൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയവയിൽനിന്ന് മികച്ച സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു തുടങ്ങി. മികച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനതലത്തിൽ 5 ലക്ഷം രൂപയും ജില്ലാ തലത്തിൽ 1 ലക്ഷം രൂപയുമാണ് അവാർഡു തുക. മികച്ച ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കും അവാർഡ് തുകയില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വർഷവും തെരഞ്ഞെടുപ്പ് നടത്തുന്നത്. സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങളാണ് മാനദണ്ഡത്തിലുൾപ്പെടുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) 2002-03 വരെ നൽകിയിട്ടുണ്ട്. 2003-04-ലെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡു തുക വിതരണത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് കണ്ടെത്തിയ ക്രമക്കേടുകൾ

122. [889] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച എത്ര കേസുകളാണ് ലോക്കൽ ഫണ്ട് ആഡിറ്റ് കണ്ടെത്തിയിട്ടുള്ളത് ;

† അനുബന്ധം VIII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[12-7-2005-ലെ ചോദ്യം നമ്പർ 121 (888) ന്റെ ഉത്തരം ദയവായി കാണുക.]

1. ഗ്രാമപഞ്ചായത്ത്

ഗ്രാമസഭ, കുടുംബശ്രീ, കേരള വികസന പദ്ധതി, സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ, കേന്ദ്രാവിഷ്കൃത പദ്ധതി, കുടിവെള്ള വിതരണവും വരൾച്ചാദുരിതാശ്വാസവും, നികുതി പിരിവ്, ക്ളീൻ കേരള പദ്ധതികൾ, ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കലും ആഡിറ്റും, നൂതനവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഗ്രാമപഞ്ചായത്തു തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ.

2. ബ്ളോക്ക് പഞ്ചായത്ത്

കേരള വികസന പദ്ധതി വാർഷിക പദ്ധതി ചെലവ്, ഭൗതിക നേട്ടങ്ങൾ പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ വീടു നിർമ്മാണം, കമ്പ്യൂട്ടർ സംവിധാനം, വനിത ശിശുക്ഷേമ പദ്ധതി, ഇന്നവേറ്റീവ് സ്കീം, കലാകായികരംഗം, ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കലും, ആഡിറ്റും, എസ്.ജി.എസ്.വൈ., എസ്.ജി.ആർ.വൈ., ഐ.എ.വൈ. എന്നീ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കിയാണ് മികച്ച ബ്ളോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.

3. ജില്ലാ പഞ്ചായത്ത്

കേരള വികസന പദ്ധതി സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി, ഇന്നവേറ്റീവ് സ്കീംസ്, വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് തയ്യാറാക്കലും ആഡിറ്റും എസ്.ജെ.ആർ.വൈ., ടി.എസ്.പി., എസ്.എസ്.എൽ.സി. റിസൽട്ട് തുടങ്ങിയവയാണ് ജില്ലാ പഞ്ചായത്തിന്റെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ.

4. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

വാർഡ് സഭ/ കമ്മിറ്റി, കേരള വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, ആരോഗ്യ ശുചീകരണ പ്രവർത്തനം (ക്ളീൻ കേരള പദ്ധതി) നഗരാസൂത്രണം, നികുതി പിരിവ്, അക്കൗണ്ടിംഗ്, നൂതന പദ്ധതികൾ, കുടുംബശ്രീ, കമ്പ്യൂട്ടറൈസേഷൻ, സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ മുതലായവ ഉൾപ്പെടുത്തിയാണ് ഓരോ വർഷത്തേയും തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly